## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –2400, 13.02.2013 - ലെ മറുപടിക്ക്

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ വി. വിജയദാസ്

ശ്രീ. കെ.എം.മാണി
ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി

| | |
|---|---|
| G.O.(P)No.43/13/Fin.Tvpm. Dt.22.01.2013 പ്രകാരം സാങ്കേതികാനുമതിയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട് പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയേയും ചീഫ് ടെക്നിക്കൽ എക്സാമിനറേയും ചീഫ് എൻജിനീയർ (ഡിസൈൻ) നേയും ചേർത്ത്, രൂപം നൽകിയത് ഉന്നതാധികാരസമിതി പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ പ്രവർത്തനത്തിന് കാലതാമസം വരുത്തുവാൻ ഇടവരുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉത്തരമൊരു ഉത്തരവിറക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ? | 10/12/03 - ലെ G.O. (P) No. 656/2003/ധന. പ്രകാരം 5 കോടി രൂപയ്ക്ക് മുകളിലുള്ള മരാമത്തുപണികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് സെക്രട്ടറിമാരും ചീഫ് എൻജിനീയറും ചേർന്ന സമിതിക്കാണ് അധികാരം നൽകിയിരുന്നത്. 22.01.2013- ലെ G.O.(P)No. 43/13/Fin. പ്രകാരം ഈ സമിതി ചീഫ് ടെക്നിക്കൽ എക്സാമിനറെ കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുകയും **10 കോടി** വരെയുള്ള പ്രവൃത്തികൾക്ക് ചീഫ് എൻജിനീയർമാരുടെ കമ്മിറ്റിക്കും, അതിനുമുകളിൽ അടങ്കൽ വരുന്ന പ്രവൃത്തികൾക്ക് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയ്ക്കും അധികാരം നൽകുകയുമാണ് ഉണ്ടായത്. ഇത് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ വേഗത്തിൽ സാങ്കേതികാനുമതി നൽകുന്നതിനും വേണ്ടിയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് തടസ്സവാദങ്ങളെ തുടർന്ന് പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ